ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉള്ളതായി അറിവില്ല.

50 (1091) വനം മാഫിയ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം മാഫിയകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് സമീപകാലത്തുണ്ടായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രവർത്തനം നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) വനം മാഫിയയുടെ ഇടപെടൽ മൂലം സർക്കാരിന്റെ റവന്യൂവിൽ വരുന്ന കുറവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) ഇതു സംബന്ധിച്ച പരാതികളോ/തെളിവുകളോ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

51 (1092) കഞ്ചാവ് വേട്ട

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ നടത്തിയ കഞ്ചാവു വേട്ടയിൽ എന്തു തുകയുടെ കഞ്ചാവാണ് നശിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഞ്ചാവു വേട്ടയിൽ പിടിക്കപ്പെടുന്ന കഞ്ചാവ് എപ്രകാരമാണ് നശിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടത്തിയ കഞ്ചാവുവേട്ടയിൽ കുറ്റക്കാരെന്ന് കാണുന്നവർക്ക് എന്തു ശിക്ഷയാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനധികൃത കഞ്ചാവു കൃഷിയിലേർപ്പെട്ടവർക്ക് അന്താരാഷ്ട്ര മയക്കുമരുന്നു ശൃംഖലയുമായി ബന്ധമുള്ളതായി തെളിഞ്ഞുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 57 റെയിഞ്ചുകളിലായി ഉദ്ദേശം 40 കോടി രൂപ വിലവരുന്ന കഞ്ചാവ് കൃഷി നശിപ്പിച്ചിട്ടുണ്ട്.

(ബി) പിടിക്കപ്പെടുന്ന കഞ്ചാവു ചെടികൾ പിഴുതും വെട്ടിയും കൂട്ടിയിട്ട് തീവച്ച് നശിപ്പിക്കുന്നു.

(സി) വനനിയമപ്രകാരം ചാർജ്ജുചെയ്യുന്ന കേസുകളിൽ ഒരു കൊല്ലം മുതൽ അഞ്ചുകൊല്ലം വരെ തടവും ആയിരം രൂപ മുതൽ അയ്യായിരം രൂപവരെ പിഴയും, കൂടാതെ നഷ്ടപരിഹാരവും ശിക്ഷയായി വിധിക്കാവുന്നതാണ്.

നാർക്കോട്ടിക് ആക്ട് പ്രകാരം ചാർജ്ജുചെയ്യുന്ന കേസുകളിൽ കേസിന്റെ ഗൗരവം അനുസരിച്ച് അഞ്ചുകൊല്ലം വരെ കഠിനതടവും 50,000/- രൂപവരെ പിഴയും ശിക്ഷിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

52 (1093) വനസമ്പത്ത് മോഷണം

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള വനങ്ങളിൽനിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രലക്ഷം രൂപയുടെ വനസമ്പത്ത് മോഷണം പോയി എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) ഇവയിൽ എത്ര കേസ്സുകളിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്?

ഉത്തരം

(എ)&(ബി) ഉണ്ട്. ഉദ്ദേശം 295 ലക്ഷം രൂപയുടെ വനസമ്പത്ത് മോഷണം പോയിട്ടുണ്ട്.

(സി) ആകെ 11,002 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 1238 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly